ഉത്തരം

(എ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള വെളിപ്പെടുത്തലുകൾ വിജിലൻസ് അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചർച്ചകളുടെ ശബ്ദരേഖ എഡിറ്റ് ചെയ്ത ഒരു സി.ഡി. കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

(സി) അന്വേഷണം പുരോഗമിക്കുകയാണ്. ഈ ഘട്ടത്തിൽ കേസ്സിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഡി) ശബ്ദരേഖയുടെ എഡിറ്റ് ചെയ്ത പകർപ്പ് മാത്രമേ കിട്ടിയിട്ടുള്ളൂ. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. കേസ് രജിസ്റ്റർ ചെയ്തശേഷം പുതുതായി ആരെയും പ്രതിയാക്കിയിട്ടില്ല.

ബാർകോഴ കേസിൽ വിജിലൻസ് നടത്തിയ പ്രാഥമിക പരിശോധന

242 (248) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴ കേസിൽ വിജിലൻസ് നടത്തിയ പ്രാഥമിക പരിശോധന റിപ്പോർട്ടിന്റെ ഒരു പകർപ്പും ശേഖരിച്ച തെളിവുകളുടെയും, രേഖകളുടെയും പകർപ്പുകളും ലഭ്യമാക്കാമോ;

(ബി) ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട തുടർനടപടി വിശദമാക്കാമോ;

(സി) കേരള ഹൈക്കോടതിയിൽ ബാർകോഴ സംബന്ധിച്ച കേസുകളിൽ വിജിലൻസും സർക്കാരും അറിയിച്ച നിലപാടുകൾ വിശദമാക്കാമോ; കോടതിയിൽ നിന്നും എന്തെല്ലാം നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബാർ കോഴക്കേസ്സിൽ വിജിലൻസ് നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണം നടക്കുന്നതിനാൽ റിപ്പോർട്ടിന്റെ പകർപ്പും മറ്റു ബന്ധപ്പെട്ട രേഖകളുടെ പകർപ്പും ഇപ്പോൾ നൽകുവാൻ നിർവ്വാഹമില്ല.

(ബി) ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.സി. 6/14/എസ്.ഐ.യു.-1 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാർകോഴ സംബന്ധിച്ചുള്ള കേസ് രജിസ്റ്റർ ചെയ്തതിനുശേഷം വിജിലൻസിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി വിവരങ്ങൾ ഒന്നും ആവശ്യപ്പെട്ടിട്ടില്ല. കേസ് രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് ശ്രീ. വി.എസ്. സുനിൽ കുമാർ, ശ്രീ. പി. കെ. രാജു എന്നിവർ ഹൈക്കോടതിയിൽ നൽകിയ റിട്ട് പെറ്റീഷനും ശ്രീ. വൈക്കം വിശ്വൻ നൽകിയ റിട്ട് പെറ്റീഷനും ഒന്നിച്ച് പരിഗണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി 3-12-2014-ൽ ഉത്തരവ് പുറപ്പെടുവിച്ചു. സത്വരാന്വേഷണത്തിന്റെ വെളിച്ചത്തിൽ വിജിലൻസ് ഡയറക്ടർതന്നെ Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്യണമോ എന്ന് തീരുമാനിക്കണമെന്നും ഈ കേസ്സിന്റെ അന്വേഷണം കോടതിയുടെ മേൽനോട്ടത്തിൽ നടത്തണമെന്ന പരാതിക്കാരുടെ ആവശ്യം ഈ ഘട്ടത്തിൽ ആവശ്യമില്ലാത്തതാണെന്നും തീർപ്പുകൽപ്പിച്ചിട്ടുള്ളതാണ്.

പാറ്റൂർ ഭൂമി ഇടപാട് സംബന്ധിച്ച വിജിലൻസ് അന്വേഷണം

243 (249) ശ്രീ. എ. കെ. ബാലൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. എം. ഹംസ :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറ്റൂർ ഭൂമി ഇടപാട് സംബന്ധിച്ച ലോകായുക്ത നിർദ്ദേശപ്രകാരമുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വിജിലൻസ് എ.ഡി.ജി.പി. ലോകായുക്തയ്ക്ക് നൽകിയ റിപ്പോർട്ടിൽ, ഭൂമി ഇടപാടിൽ മുഖ്യമന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും പങ്ക് വ്യക്തമാക്കുന്നുണ്ടോ ;

(സി) കേരള വാട്ടർ സപ്ലൈസ് ആന്റ് സ്വീവറേജ് നിയമത്തിന് വിരുദ്ധമായ നടപടികളിലൂടെ അഴിമതി വിരുദ്ധ നിയമപ്രകാരമുള്ള കുറ്റം ഉന്നത ഭരണനേതൃത്വത്തിൽ നിന്നുണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ ;

(ഡി) ഉന്നത ഭരണനേതൃത്വം പങ്കാളിയാണെന്ന് എ.ഡി.ജി.പി. സൂചിപ്പിച്ചിരിക്കുന്നത് ബന്ധപ്പെട്ട ഫയലുകളിലെ ഖണ്ഡികകൾ ചൂണ്ടിക്കാട്ടിക്കൊണ്ടാണോ; റവന്യൂ വകുപ്പിലെ ബന്ധപ്പെട്ട ഫയലിലെ 57 മുതൽ 60 വരെയുള്ള ഖണ്ഡികകൾക്ക് താഴെ ഒപ്പിട്ടിരിക്കുന്നത് ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ഇ) വാട്ടർ അതോറിറ്റിയുടെ പൈപ്പ്‌ലൈൻ മാറ്റിയിട്ട് കൊടുക്കുവാനായി ഉത്തരവ് നല്കിയതാരാണ്; ഇതിനാധാരമായ റിപ്പോർട്ട് നിയമവിരുദ്ധമായി ഉണ്ടാക്കിയതാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly